2024
FEBRUARY
27
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## പേടിഎം പേമെൻറ്സ് ബാങ്ക് ചെയർമാൻ വിജയ് ശേഖർ ശർമ രാജിവച്ചു

**മുംബൈ:** പേടിഎം സ്ഥാപകൻ വിജയ് ശേഖർ ശർമ പേടിഎം പേമെൻറ്സ് ബാങ്ക് നോൺ എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് മെമ്പർ സ്ഥാനങ്ങൾ രാജിവച്ചു. തുടർച്ചയായ ചട്ടലംഘനം ചൂണ്ടിക്കാണ്ടി റിസർവ് ബാങ്ക് പേടിഎം പേമെൻറ്സ് ബാങ്ക് പ്രവർത്തനം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടതിനു പിന്നാലെയാണ് രാജി.

മാർച്ച് 15ന് ശേഷം വാലറ്റിലും അക്കൗണ്ടുകളിലും പേടിഎം പേമെൻറ് ബാങ്ക് പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് നിർത്തിവയ്ക്കണമെന്നാണ് റിസർവ് ബാങ്ക് ആവശ്യപ്പെട്ടത്. വിജയ് ശേഖർ ശർമയുടെ രാജിക്കൊപ്പം തന്നെ പേടിഎം പേമെൻറ്സ് ബാങ്ക് ബോർഡ് ഡയറക്ടർമാരെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ചെയർമാൻ ശ്രീനിവാസൻ ശ്രീധറിനേയും വിരമിച്ച ഐഎഎസ് ഓഫീസർ ദേബേന്ദ്രനാഥ് സാരംഗിയേയും, ബാങ്ക് ഓഫ് ബറോഡ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ അശോക് കുമാർ ഗാർഗിനേയും മറ്റൊരു മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ രജ്നി സേക്രി സിബലിനേയും ബോർഡിൽ ഉൾപ്പെടുത്തി.

### ഐഎസ്ആർഒയുടെ സ്വപ്നദൗത്യം ഗഗൻയാൻ

## ബഹിരാകാശ സഞ്ചാരികളിൽ മലയാളിയും; പേരുവിവരങ്ങൾ പ്രധാനമന്ത്രി ഇന്ന് പ്രഖ്യാപിക്കും

**തിരുവനന്തപുരം:** ഐഎസ്ആർഒയുടെ സ്വപ്ന ദൗത്യമായ ഗഗൻയാനിൽ മലയാളിയും പങ്കാളിയാകുമെന്ന് വിവരം. ബഹിരാകാശ യാത്രികരിൽ ഒരാൾ മലയാളിയാണ്. 2025ൽ വിക്ഷേപിക്കുന്ന ഗഗൻയാൻ ദൗത്യത്തിൽ വ്യോമസേനയുടെ ഫൈറ്റർ പൈലറ്റുമാരിലെ തെരഞ്ഞെടുക്കപ്പെട്ട നാല് പേരിൽ നിന്നാകും ബഹിരാകാശ യാത്രികരെ നിശ്ചയിക്കുന്നത്.




ബഹിരാകാശ യാത്രികരുടെ പേരുവിവരങ്ങൾ പ്രധാനമന്ത്രി ഇന്ന് തിരുവനന്തപുരത്ത് പ്രഖ്യാപിക്കും. ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ നയിക്കുന്ന കേരള പദയാത്രയുടെ സമാപന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനാണ് തിരുവനന്തപുരത്ത് പ്രധാനമന്ത്രിയെത്തുന്നത്.

മൂന്ന് ഇന്ത്യൻ ബഹിരാകാശ സഞ്ചാരികളെ 400 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിൽ 3 ദിവസത്തേക്ക് എത്തിച്ച്, ഭൂമിയിൽ തിരിച്ചെത്തിക്കും ഗഗൻയാൻ ദൗത്യത്തിലൂടെ. ഗഗൻയാൻ മിഷന്റെ ഒരുക്കങ്ങൾ അവലോകനം ചെയ്യാൻ പ്രധാനമന്ത്രി വിഎസ്എസ്സി സന്ദർശിക്കും.

ചൊവ്വാഴ്ച രാവിലെ 10.45ന് വിഎസ്എസ്സി സെന്ററിലെത്തുന്ന പ്രധാനമന്ത്രി ഒരു മണിക്കൂർ അവിടെ ചെലവഴിക്കും.

## ചുട്ടുപൊള്ളി കേരളം; ഇന്നും ഒമ്പത് ജില്ലകളിൽ താപനില മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ചൂട് വർദ്ധിക്കുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. ഇന്ന് ഒമ്പത് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, കോട്ടയം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിലാണ് മഞ്ഞ മുന്നറിയിപ്പ്. ഈ ജില്ലകളിൽ സാധാരണയേക്കാൾ 2 4 ഡിഗ്രി സെൽഷ്യസ് ചൂട് ഉയരാൻ സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിൽ പറയുന്നു.കൊല്ലം, ആലപ്പുഴ, കോട്ടയം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 37ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്.

## റെയിൽവേയിൽ 41,000 കോടിയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്ത് മോദി

**ന്യൂഡൽഹി:** ഇന്ത്യ ഇപ്പോൾ വലിയ സ്വപ്നങ്ങൾ കാണുകയാണെന്നും സ്വപ്നസാക്ഷാൽക്കാരത്തിനായി രാപ്പകലില്ലാതെ അധ്വാനിക്കുകയാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. റെയിൽവേയിൽ 41,000 കോടി രൂപയുടെ രണ്ടായിരത്തിലേറെ പദ്ധതികൾ വിഡിയോ കോൺഫറൻസിങ് വഴി ഉദ്ഘാടനം ചെയ്യുമ്പോഴായിരുന്നു മോദിയുടെ പരാമർശം.

”ജൂണിൽ സർക്കാരിന്റെ മൂന്നാം ടേം ആരംഭിക്കും. കഴിഞ്ഞ 10 വർഷമായി പുതിയ ഇന്ത്യയുടെ നിർമാണം ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. വന്ദേ ഭാരത് ട്രെയിൻ ഉൾപ്പെടെ റെയിൽവേയിൽ വലിയ വികസനമാണു കൊണ്ടുവന്നത്. ട്രെയിനുകളിലെയും സ്റ്റേഷനുകളിലെയും ശുചിത്വം, ട്രാക്കുകളിലെ വൈദ്യുതീകരണം എന്നിവയിൽ നല്ല പുരോഗതിയാണ്. രാഷ്ട്രീയത്തിന്റെ ഇരയായാണു റെയിൽവേയെ ഉപയോഗിച്ചിരുന്നത്. ഇപ്പോഴാകട്ടെ, യാത്ര സുഗമമാക്കാനുള്ള പ്രധാന മാർഗമാണു റെയിൽവേ.

27 സംസ്ഥാനങ്ങളിലെ 300 ജില്ലകളിലെ 554 റെയിൽവേ സ്റ്റേഷനുകളുടെ പുനരുദ്ധാരണം, മേൽപ്പാലങ്ങളും അടിപ്പാതകളുമായി 1500 നിർമാണ പ്രവൃത്തികളുടെ ശിലാസ്ഥാപനം, ഉത്തർപ്രദേശിലെ ഗോമതി നഗർ റെയിൽവേ സ്റ്റേഷന്റെ ഉദ്ഘാടനം എന്നിവയാണു പ്രധാനമന്ത്രി നിർവഹിച്ചത്




## പാസഞ്ചർ ട്രെയിനുകളുടെ നിരക്ക് കുറച്ച് റെയിൽവേ

**തിരുവനന്തപുരം:** പാസഞ്ചർ ട്രെയിനുകളുടെ നിരക്കുകൾ കുറച്ച് റെയിൽവേ. കോവിഡ് കാലത്ത് കൂട്ടിയ പാസഞ്ചർ, മെമു ട്രെയിനുകളുടെ നിരക്കാണ് ഇപ്പോൾ കുറച്ചിരിക്കുന്നത്. മിനിമം ചാർജ് 30 രൂപയിൽനിന്ന് 10 രൂപയായി പുനഃസ്ഥാപിച്ചു. ആനുപാതികമായായി ഹ്രസ്വദൂര ടിക്കറ്റ് നിരക്കുകളും കുറയും. യുടിഎസ് ആപ്പ് വഴി ടിക്കറ്റുകൾ ലഭിച്ചു തുടങ്ങി. കോവിഡ് ലോക്ഡൗണിനുശേഷം പാസഞ്ചർ, മെമു ട്രെയിനുകൾ എക്സ്പ്രസ് ട്രെയിനുകളാക്കി മാറ്റി നിരക്ക് കൂട്ടുകയായിരുന്നു.

എന്നാൽ ഉത്തരവു ലഭിച്ചിട്ടില്ലെന്നും ലഭിക്കുന്ന മുറയ്ക്ക് എല്ലായിടത്തും നടപ്പാക്കുമെന്നും നിലവിൽ ഈ ടിക്കറ്റുകൾ അംഗീകരിക്കില്ലെന്നുമാണു തിരുവനന്തപുരം ഡിവിഷൻ പറയുന്നത്. രണ്ടു ദിവസം മുൻപാണ് നോർത്തേൺ റെയിൽവേ നിരക്കിൽ മാറ്റം വരുത്തിയത്. ഉത്തരവു ലഭിക്കുന്ന മുറയ്ക്ക് എല്ലായിടത്തും നിരക്കിൽ മാറ്റം വരുത്തുമെന്നാണു റെയിൽവേ അറിയിച്ചത്.





വടുതല മേൽപ്പാലത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാത്തതിൽ പ്രതിഷേധിച്ച് പാലത്തിന്റെ കല്ലിടൽ ചടങ്ങിൽ ഓൺലൈനായി പ്രധാനമന്ത്രി പങ്കെടുക്കുന്നതിനിടയിൽ ചടങ്ങു സംഘടിപ്പിച്ച വടുതലയിലെ ഡോൺബോസ്കോ ഹാളിനു മുന്നിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപാരികൾ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചപ്പോൾ

# വടുതല മേൽപ്പാലം: പ്രധാനമന്ത്രി പങ്കെടുത്ത കല്ലിടൽ ചടങ്ങിൽ പ്രതിഷേധിച്ച് വ്യാപാരികൾ

**കൊച്ചി:** വടുതല മേൽപ്പാലത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാത്തതിൽ പ്രതിഷേധിച്ച് പാലത്തിന്റെ കല്ലിടൽ പ്രധാനമന്ത്രി നിർവ്വഹിക്കുന്നതിനിടയിൽ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ച് വ്യാപാരികൾ.

കല്ലിടലുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ചടങ്ങിൽ പ്രധാനമന്ത്രി ഓൺലൈനായി പങ്കെടുക്കുന്നതിനിടയിലാണ് സമ്മേളനം നടന്ന വടുതലയിലെ ഡോൺബോസ്കോ ഹാളിനു മുന്നിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപാരികൾ കുത്തിയിരുന്ന് പ്രതിഷേധിച്ചത്.

ഇതിനിടയിൽ ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ ഹൈബി ഈഡൻ എം.പി, ടി ജെ വിനോദ് എം.എൽ.എ എന്നിവർ പ്രതിഷേധമുയർത്തിയ വ്യാപാരികൾക്ക് സമീപം എത്തി സംസാരിക്കുകയും വിഷയത്തിൽ ഇടപെടാമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് സമരം ഉദ്ഘാടനം ചെയ്തു.നിയോജകമണ്ഡലം ട്രഷറർ ടിജോ തോമസ് അധ്യക്ഷത വഹിച്ചു.

എം ഡി തോമസ്,ഷൈസൺ മുളവ്കാട്,സതീഷ് ചേരാനല്ലൂർ,നടരാജ് കലൂർ, എം.എക്സ് ജോജി,അബ്ദുൽ ഖദർ, എഡിസൺ ചേരാനെല്ലൂർ,വി പി സജീവൻ,നിക്സൺ വടുതല,എം ഫ്രാൻസിസ് തുടങ്ങിയവർ സംസാരിച്ചു.

# ഹരിതോർജ്ജ ഉപയോഗത്തിൽ മികച്ച മുന്നേറ്റവുമായി റെനോ നിസാൻ

**കൊച്ചി:** ഹരിതോർജ്ജത്തിനു പ്രാമുഖ്യം നൽകി ചെന്നൈ ഒറഗഡത്ത് പ്രവർത്തിക്കുന്ന വാഹന നിർമ്മാതാക്കളായ റെനോ നിസാൻ ഓട്ടോമോട്ടീവ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (ആർഎൻഐപിഎൽ).

കഴിഞ്ഞവർഷം ജൂലൈ മുതൽ ഡിസംബർ വരെ പ്ലാന്റിന്റെ പ്രവർത്തനത്തിന് ഉപയോഗിച്ചത് ശരാശരി 85%ൽ അധികവും ഹരിതോർജ്ജം. ഇക്കാലയളവിൽ തന്നെ സെപ്റ്റംബറിൽ നൂറുശതമാനവും ഹരിതോർജ്ജത്തിലാണ് റെനോ നിസാൻ പ്രവർത്തിച്ചത്. ഇൻഹൗസ്, ബാഹ്യ സ്രോതസുകളുടെ സംയോജനമാണ് കാറുകളുടെ നിർമ്മാണത്തിനു ആർഎൻഐപിഎൽ ഉപയോഗിക്കുന്നത്. ആസൂത്രിതവും സുസ്ഥിരവുമായി ഹരിതോർജ്ജം പ്രയോജനപ്പെടുത്തിയതിലൂടെ കഴിഞ്ഞ ജൂലൈ മുതലുള്ള ആറുമാസത്തിനിടെ മുപ്പത്തിനായിരത്തിലേറെ ടൺ കാർബൺ ഡൈഓക്സൈഡിന്റെ പുറംതള്ളൽ ഇല്ലാതാക്കാൻ കഴിഞ്ഞുവെന്ന് ആർഎൻഐപിഎൽ മാനേജിംഗ് ഡയറക്ടർ കീർത്തി പ്രകാശ് പറഞ്ഞു.



ഇൻ ഹൗസ് സൗരോർജ്ജ പ്ലാന്റ്, മറ്റു വിൻഡ് സോളാർ ഫാമുകൾ എന്നിവടങ്ങളിൽ നിന്നുള്ള വൈദ്യുതിയാണ് കാർബൺ പുറംതള്ളൽ കുറയ്ക്കാൻ റെനോ നിസാൻ പ്ലാന്റ് ഉപയോഗിക്കുന്നത്. മഴവെള്ള കൊയ്ത്ത്, മലിനജല പുനരുപയോഗം, ജലാശയങ്ങളുടെ പുനർജീവനം തുടങ്ങിയ പരിസ്ഥിതി ആഘാത പ്രതിരോധ നടപടികളും പ്ലാന്റ് നടപ്പാക്കുന്നുണ്ട്.

ഒരു കാർ നിർമ്മിക്കാൻ വേണ്ട ഊർജ്ജത്തിന്റെ അളവ് 2030 ഓടെ 20 ശതമാനം കണ്ടു കുറക്കാനുള്ള ശ്രമങ്ങളിലാണ് പ്ലാന്റ്. 2045 ഓടെ ഇത് 30 ശതമാനമാക്കുമെന്നും കീർത്തി പ്രകാശ് പറഞ്ഞു. 2045 ഓടെ കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ കൈവരിക്കുന്നതിനും 2030 ഓടെ വാട്ടർ പോസിറ്റീവ് ആക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതി പുരോഗമിക്കുകയാണ്. ഹരിതോർജ്ജ ഉപയോഗത്തിൽ കൈവരിച്ച നാഴികക്കല്ല് നിശ്ചയദാർഢ്യം വ്യക്തമാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.



# ഗുരുവായൂരിൽ നിന്ന് കോയമ്പത്തൂരിലേക്ക് കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിച്ചു

**തൃശൂർ:**ഗുരുവായൂരിൽ നിന്ന് കോയമ്പത്തൂരിലേക്കുള്ള കെ.എസ്.ആർ.ടി.സിയുടെ ആദ്യ സർവ്വീസ് എൻ.കെ അക്ബർ എം.എൽ.എ ഫ്ളാഗ് ഓഫ് ചെയ്തു. നാല് പുതിയ കെ.എസ്.ആർ.ടി.സി സർവ്വീസുകൾക്കാണ് അനുമതിയായത്. ഗുരുവായൂരിലേക്കുള്ള തീർത്ഥാടകരുടെ നിരന്തരമായ ആവശ്യമാണ് യാഥാർത്ഥ്യമായത്. കൊഴിഞ്ഞാമ്പാറ വഴിയാണ് കോയമ്പത്തൂരിലേക്ക് ആദ്യ സർവ്വീസ് നടക്കുന്നത്.

ചടങ്ങിൽ ആർ.ടി. ക്ലസ്റ്റർ ഓഫീസർ ടി.എ ഉബൈദ്, എ.ടി. അസി. ക്ലസ്റ്റർ ഓഫീസർ കെ.ജി സുനിൽ, ഇൻസ്പെക്ടർമാരായ എ.ജി സജിത, കെ.എ നാരായണൻ, സൂപ്രണ്ട് രജിനി എന്നിവർ പങ്കെടുത്തു.

# വിദ്യാർത്ഥികളെ നൂതന സാങ്കേതിക വിദ്യയിൽ നൈപുണ്യമുള്ളവരാക്കി മാറ്റും: മുഖ്യമന്ത്രി

**കൊച്ചി:** വിദ്യാർത്ഥികളെ നൂതന സാങ്കേതിക വിദ്യയിൽ നൈപുണ്യമുള്ളവരാക്കി മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഊരക്കാട് ഗവ. യുപി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ ഉൾപ്പെടെ സംസ്ഥാനത്തെ 68 പുതിയ സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചു സംസാരിക്കുകയായിരുന്നു പിണറായി വിജയൻ.

വിദ്യാർത്ഥികളുടെ അക്കാദമിക് മികവ് വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനമെന്നും ഡിജിറ്റൽ വിദ്യാഭ്യാസരംഗത്ത് സമാനതകളില്ലാത്ത നേട്ടമാണ് സംസ്ഥാന സർക്കാർ കൈവരിച്ചുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

എംഎൽഎ ആസ്തി വികസന ഫണ്ടിൽ നിന്നും 55 ലക്ഷം രൂപ വിനിയോഗിച്ചാണ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ചത്. നാല് ക്ലാസ് മുറികളോട് കൂടിയ കെട്ടിടത്തിൽ ഒന്ന് സ്മാർട്ട് ക്ലാസ്റൂമാണ്.

ചടങ്ങിൽ പി വി ശ്രീനിജിൻ എംഎൽഎ അധ്യക്ഷത വഹിച്ചു. വിദ്യാകിരണം ജില്ലാ കോ ഓഡിനേറ്റർ ഡാൽമിയ തങ്കപ്പൻ വിദ്യാകിരണം പദ്ധതി വിശദീകരണം നടത്തി. വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എം അൻവർ അലി, എ ഇ ഒ ടി.ശ്രീകല, ഹെഡ്മാസ്റ്റർ എൻ എൻ ഉണ്ണി, പി ടി എ പ്രസിഡന്റ് കെ ടി ഷിബു, ഒ എസ് എ സെക്രട്ടറി കെ കെ ഏലിയാസ്, വിവിധ രാഷ്ട്രീയ പ്രതിനിധികൾ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

# കർഷകരുമായി മുഖാമുഖം

**തിരുവനന്തപുരം:** നവകേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്ന മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം മാർച്ച് 2ന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9. 30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും.

സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്.

കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പരിപാടിയിൽ മത്സ്യബന്ധന സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷികൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നതായിരിക്കും.

# പുനരധിവാസവും സമഗ്ര മൃഗസംരക്ഷണവുമായി റിലയൻസ് ഫൗണ്ടേഷന്റെ വൻതാര

**കൊച്ചി/ജാംനഗർ:** മൃഗങ്ങൾക്കായി റിലയൻസ് ഇൻഡസ്ട്രീസും റിലയൻസ് ഫൗണ്ടേഷനും വൻതാര (സ്റ്റാർ ഓഫ് ദ ഫോറസ്റ്റ്) പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചു. ഇന്ത്യയിലും വിദേശത്തും നിന്നുള്ള പരിക്കേറ്റതും, പീഡിപ്പിക്കപ്പെടുന്നതുമായ മൃഗങ്ങളുടെ രക്ഷാപ്രവർത്തനം, ചികിത്സ, പരിചരണം, പുനരധിവാസം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് ഈ പദ്ധതി. ഗുജറാത്തിലെ റിലയൻസിന്റെ ജാംനഗർ റിഫൈനറി കോംപ്ലക്സിന്റെ ഗ്രീൻ ബെൽറ്റിനുള്ളിൽ 3000 ഏക്കറിലധികം വ്യാപിച്ചുകിടക്കുന്ന വൻതാര ആഗോളതലത്തിൽ സംരക്ഷണ പ്രവർത്തനങ്ങളിൽ മുൻനിര സംഭാവന നൽകുന്നവതിൽ പ്രമുഖമാകാൻ ലക്ഷ്യമിടുന്നു. മൃഗസംരക്ഷണത്തിലും ക്ഷേമത്തിലും മുൻനിര വിദഗ്ധരുമായി ചേർന്ന് പ്രവർത്തിച്ചുകൊണ്ട്, വൻതാര 3000 ഏക്കർ വിസ്തൃതിയുള്ള സ്ഥലം ഒരു വനം പോലെയുള്ള അന്തരീക്ഷമാക്കി മാറ്റി, മൃഗങ്ങൾക്ക് വേണ്ടിയുള്ള പ്രകൃതിദത്തവും സമ്പുഷ്ടവും സമൃദ്ധവും ഹരിതവുമായ ആവാസ വ്യവസ്ഥയെ അനുകരിക്കുന്നു. റിലയൻസ് ഇൻഡസ്ട്രീസ്, റിലയൻസ് ഫൗണ്ടേഷൻ എന്നിവയുടെ ബോർഡ് ഡയറക്ടർ അനന്ത് അംബാനിയുടെ നേതൃത്വത്തിലാണ് പദ്ധതി വിഭാവനം ചെയ്തത്.അത്യാധുനിക ആരോഗ്യ സംരക്ഷണം, ആശുപത്രികൾ, ഗവേഷണം, അക്കാദമിക് കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ മികച്ച ഇൻക്ലാസ് മൃഗസംരക്ഷണവും പരിചരണ രീതികളും സൃഷ്ടിക്കുന്നതിൽ വൻതാര ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ (ഐയുസിഎൻ), വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഫോർ നേച്ചർ (ഡബ്ല്യുഡബ്ല്യുഎഫ്) തുടങ്ങിയ പ്രശസ്ത അന്താരാഷ്ട്ര സർവ്വകലാശാലകളുമായും സംഘടനകളുമായും വൻതാര സഹകരിക്കുന്നു.കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കുള്ളിൽ, ഈ പദ്ധതിയിലൂടെ 200ലധികം ആനകളെയും ആയിരക്കണക്കിന് മറ്റ് മൃഗങ്ങളെയും ഉരഗങ്ങളെയും പക്ഷികളെയും സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ നിന്ന് രക്ഷിച്ചു. കാണ്ടാമൃഗം, പുള്ളിപ്പുലി, മുതല എന്നിവയുടെ പുനരധിവാസത്തിലും മുൻകൈയെടുത്തു.

മെക്സിക്കോ, വെനസ്വേല തുടങ്ങിയ രാജ്യങ്ങളിലെ രക്ഷാപ്രവർത്തനങ്ങളിലും വൻതാരയുടെ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. എല്ലാ രക്ഷാപുനരധിവാസ ദൗത്യങ്ങളും ഇന്ത്യ അന്തർദേശീയ നിയമ നിയന്ത്രണങ്ങൾക്ക് അനുസൃതമായാണ് നടക്കുന്നത്.ഇന്ത്യയിൽ വംശനാശഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കുന്നതിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സുപ്രധാനമായ ആവാസ വ്യവസ്ഥകൾ പുനഃസ്ഥാപിക്കാനും ജീവജാലങ്ങൾക്കുള്ള അടിയന്തര ഭീഷണികളെ അഭിസംബോധന ചെയ്യാനും വൻതാരയെ ഒരു മുൻനിര സംരക്ഷണ പരിപാടിയായി സ്ഥാപിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നുവെന്ന് അനന്ത് അംബാനി പറഞ്ഞു.വൻതാരയിൽ ആനകൾക്കുള്ള ഒരു കേന്ദ്രവും സിംഹങ്ങളും കടുവകളും മുതലകളും പുള്ളിപ്പുലികളും ഉൾപ്പെടെയുള്ള ചെറുതും വലുതുമായ നിരവധി ജീവജാലങ്ങൾക്ക് സൗകര്യമുണ്ട്. വൻതാരയിലെ ആനകൾക്കായുള്ള കേന്ദ്രത്തിൽ അത്യാധുനിക ഷെൽട്ടറുകൾ, ജലചികിത്സാ കുളങ്ങൾ, ജലാശയങ്ങൾ, ആനകളിലെ സന്ധിവാതം ചികിത്സിക്കുന്നതിനായുള്ള സൗകര്യം എന്നിവയുണ്ട്. മൃഗഡോക്ടർമാർ, ജീവശാസ്ത്രജ്ഞർ, പാത്തോളജിസ്റ്റുകൾ, പോഷകാഹാര വിദഗ്ധർ, പ്രകൃതിശാസ്ത്രജ്ഞർ എന്നിവരുൾപ്പെടെ 500ലധികം ആളുകൾ ഉൾപ്പെടുന്ന സ്പെഷ്യലൈസ്ഡ് പരിശീലനം ലഭിച്ച ജീവനക്കാർ 200ലധികം ആനകളെ പരിചരിക്കുന്നു. ആനകൾക്കായുള്ള 25,000 ചതുരശ്ര അടി വിസ്തീർണമുള്ള ആശുപത്രി, ലോകത്തിലെ ഏറ്റവും വലിയ ആശുപത്രികളിലൊന്നാണ്.സർക്കസുകളിലോ തിരക്കേറിയ മൃഗശാലകളിലോ നിന്നുള്ള വന്യമൃഗങ്ങൾക്കായി, 3000 ഏക്കറിനുള്ളിൽ 650 ഏക്കറിലധികം വരുന്ന ഒരു റെസ്ക്യൂ ആൻഡ് റീഹാബിലിറ്റേഷൻ സെന്റർ ഒരുക്കിയിട്ടുണ്ട്.




# അങ്കണവാടികൾക്ക് കളിയുപകരണങ്ങളും ധാന്യ സംഭരണികളും വിതരണം ചെയ്തു

തൃശൂർ: അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾക്ക് കളിയുപകരണങ്ങളും ധാന്യ സംഭരണികളും വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ആതിര ദേവരാജൻ വിതരണോദ്ഘാടനം നിർവഹിച്ചു.

ജനകീയ ആസൂത്രണ പദ്ധതിയിലൂടെ ധാന്യ സംഭരണികൾക്ക് 2.5 ലക്ഷവും കളിയുപകരണങ്ങൾക്ക് 1.5 ലക്ഷവുമാണ് ചെലവഴിച്ചിരിക്കുന്നത്. പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് സൗമിനി മണിലാൽ അധ്യക്ഷയായി. ഐസിഡിഎസ് സൂപ്പർവൈസർ ജിംസി സി ജോസ്, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റർ ടിൻസി, ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിങ് ചെയർമാൻ കെ.കെ. റിജേഷ്, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അഷിത രമേശ്, മനു പോൾ, ജയചന്ദ്രൻ, സനീഷ തുടങ്ങിയവർ പങ്കെടുത്തു.

# സോണി ഇന്ത്യ ഫുൾ ഫ്രെയിം ഇമേജ് സെൻസർ ക്യാമറ ആൽഫ 9 III പുറത്തിറക്കി




**കൊച്ചി:** സോണി ഇന്ത്യ ഗ്ലോബൽ ഷട്ടർ സിസ്റ്റത്തോടു കൂടിയ ഫുൾ ഫ്രെയിം ഇമേജ് സെൻസർ ക്യാമറ ആൽഫ 9 കകക അവതരിപ്പിച്ചു.

പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് സാധ്യതകളുടെ പുതിയ ലോകമാണ് ആൽഫ 9 തുറന്നിടുന്നത്. 120 എഫ്പിഎസ് വരെ വേഗതയിൽ ന്യൂനതകളോ, ക്യാമറ ബ്ലാക്ക്ഔട്ടോ ഇല്ലാതെ ഷൂട്ട് ചെയ്യാൻ ക്യാമറയെ പ്രാപ്തമാക്കുന്ന പുതിയ ഗ്ലോബൽ ഷട്ടർ ഫുൾഫ്രെയിം ഇമേജ് സെൻസറാണ് ക്യാമറയിൽ ഘടിപ്പിച്ചിട്ടുള്ളത്. ഈ നൂതന സെൻസറിനെ സോണിയുടെ ഏറ്റവും നൂതനമായ എഎഫ് സിസ്റ്റവുമായി സംയോജിപ്പിക്കുന്നതിലൂടെ സെക്കൻഡിൽ 120 മടങ്ങ് എഎഫ്/എഇ ഫോക്കസ് ലഭിക്കും.

എല്ലാ ഷൂട്ടിങ് വേഗതയിലും ഫ്ളാഷ് സമന്വയിപ്പിക്കാനുള്ള കഴിവും ആൽഫ 9 കകക ക്യാമറയ്ക്കുണ്ടെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടുന്നു.ഇമേജ് പ്രോസസിങ് എഞ്ചിൻ ബിയോൻസ് എക്സ്ആർ, റിയൽടൈം റെക്കഗ്നൈസൻ ഓട്ടോഫോക്കസ്, ഫുൾസ്പീഡ് ഫ്ലാഷ് സിൻക്രൊണൈസേഷൻ ഫങ്ഷൻ, പ്രീക്യാപ്ചർ ഫങ്ഷൻ, ക്രോപ്പ് ചെയ്യാതെ 4കെ 120പിക്സൽ ഹൈഫ്രെയിം റേറ്റ് വീഡിയോ, 4ആക്സിസ് മൾട്ടി ആംഗിൾ എൽസിഡി മോണിറ്റർ എന്നിവയാണ് മറ്റു സവിശേഷതകൾ.2024 ഫെബ്രുവരി 26 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകളിലും (സോണി സെൻറർ, സോണി എക്സ്ക്ലൂസീവ്), www.ShopatSC.com പോർട്ടൽ, ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റ് ഇകൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയിലുടനീളം ആൽഫ 9 കകക ലഭ്യമാകും. 529,990 രൂപയാണ് വില.

# ഡോക്ടറേറ്റ് ലഭിച്ചു



**കൊച്ചി:** സുരേഷ്കുമാർ മധുസൂദനന് അഹമ്മദാബാദിലെ സബർമതി സർവ്വകലാശാലയിൽ നിന്നും ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിൽ ഡോക്ടറേറ്റ് ലഭിച്ചു.'റോൾ ഓഫ് സ്കില്ലിങ് & ഹയറിങ് ടാലന്റ് ഫോർ ഇന്റർനാഷണൽ മാർക്കറ്റ് ബൈ ഇംപ്രൂവിംഗ് ഓർഗനൈസേഷണൽ പെർഫോമൻസ്' എന്ന വിഷയത്തെ അധികരിച്ചു ഉ്യ. ജ്യമസമവെ ഉശ്മസമ്യമി ൻറെ നേതൃത്ത്വത്തിൽ നടത്തിയ ഗവേഷണത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്.

മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന സീഗൾ ഇന്റർനാഷണൽ ഗ്രൂപ്പ് കമ്പനിയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമാണ് സുരേഷ്കുമാർ. കഴിഞ്ഞ നാൽപ്പതു വർഷമായി ഹ്യൂമൻ റിസോഴ്സ് റിക്രൂട്ട്മെന്റ് രംഗത്ത് പ്രവർത്തിക്കുന്നു. ഇന്ത്യയിലും വിദേശത്തുമായി പതിനഞ്ചോളം ശാഖകളാണ് സീഗൾ ഗ്രൂപ്പിനുള്ളത്. നിരവധി അന്തർദേശീയ സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

കൊല്ലം ക്ലാപ്പന കൊക്കാട്ട് ഗ. മധുസൂദനൻ രത്നമ്മ ദമ്പതികളുടെ മകനാണ്.

# ലെഗസി പ്ലസ് അവതരിപ്പിച്ചു

**മുംബൈ:** സഎഡൽവീസ് ടോക്കിയോ ലൈഫ് ഇൻഷുറൻസ് നൂതന പങ്കാളിത്ത ഉൽപ്പന്നമായ ലെഗസി പ്ലസ് പുറത്തിറക്കി. ചൈൽഡ് ഫിനാൻഷ്യൽ പ്ലാനിംഗ്, ലെഗസി പ്ലാനിംഗ്, അതിന്റെ കാലയളവിലെ അടിയന്തിര ആവശ്യങ്ങൾ എന്നിവയുൾപ്പെടെ ഒന്നിലധികം ഉപഭോക്തൃ ആവശ്യങ്ങൾക്കായി ഉൽപ്പന്നം ഒരു ഫലപ്രദമായ മാർഗം വാഗ്ദാനം ചെയ്യുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഫ്ളെക്സിബിലിറ്റിയും ലികിഡിറ്റിയും നൽകുന്നതിന്, ഉൽപന്നത്തിൽ അക്രൂവൽ ഓഫ് സർവൈവൽ ബെനിഫിറ്റ് (ഓപ്ഷണൽ) ഫീച്ചർ, ആദ്യകാല വരുമാനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഭാരത് ടെക് ട്രയംഫ് വിജയികള പ്രഖ്യാപിച്ചു

**കൊച്ചി:** പ്രാദേശിക ഭാഷാ വിനോദ പ്ലാറ്റ്‌ഫോമായ വിൻസോയുടെ 'ഭാരത് ടെക് ട്രയംഫ്' വിജയികളെ പ്രഖ്യാപിച്ചു. ഇതിൽ പങ്കെടുത്ത സാങ്കേതികവിദ്യാ, ഗെയിമിങ് മേഖലകളിൽ നിന്നുള്ള 150 കമ്പനികളിൽ നിന്നാണ് 10 പേരെ തെരഞ്ഞെടുത്തത്. ലോകത്തിലെ ഏറ്റവും വലിയ ഗെയിമിങ് കോൺഫറൻസായ സാൻ ഫ്രാൻസിസ്കോയിൽ അടുത്ത മാസം നടക്കുന്ന ഗെയിം ഡെവലപർ കോൺഫറൻസിൽ ഇതാദ്യമായി അവതരിപ്പിക്കുന്ന ഇന്ത്യൻ പവലിയനിൽ വിജയികൾക്ക് അവസരം ലഭിക്കും.രാമായണം, മഹാഭാരതം, ചോള സാമ്രാജ്യം തുടങ്ങിയവയിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടുള്ള ഗെയിമുകൾ ഭാരത് ടെക് ട്രയംഫിലൂടെ രംഗത്തു വന്നവയിൽ ഉൾപ്പെടുന്നു. സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ അഡീഷണൽ ഡയറക്ടർ രാകേഷ് ദുബെ, കലാരി മാനേജിങ് പാർട്ട്ണർ രാജേഷ് രാജു, ലുമികായ് സ്ഥാപക ജനറൽ പാർട്ട്ണർ ജസ്റ്റിൻ സീതാറാം കീലിങ്, ക്ലെവർ ടാപ് സഹ സ്ഥാപകനും സിപിഒ ആനന്ദ് ജെയിൻ, എഡബ്ലിയുഎസ് ഗെയിംടെക് വിഭാഗം മേധാവി നേഹ യാദവ് തുടങ്ങിയവർ അടങ്ങിയ ജൂറിയാണ് വിജയികളെ തെരഞ്ഞെടുത്തത്.

ഇന്ത്യൻ സംരംഭകരെ ആഗോള തലത്തിലേക്ക് ഉയർത്താനുള്ള ശ്രമങ്ങൾക്ക് ഊർജ്ജസ്വലമായ പിന്തുണ ലഭിച്ചുവെന്ന് വിൻസോ സഹ സ്ഥാപകൻ പാവൻ നന്ദ പറഞ്ഞു.

# ഗ്യാലക്സി ഫിറ്റ് 3 അവതരിപ്പിച്ച് സാംസങ്




**കൊച്ചി:** ഗ്യാലക്സി ഫിറ്റ് 3 എന്ന പേരിൽ പുതിയ ഫിറ്റ്നസ് ബാൻഡ് അവതരിപ്പിച്ച് ഇന്ത്യയിലെ പ്രമുഖ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്. സാങ്കേതികതയുടെ സഹായത്തോടെ മികച്ചതും ആരോഗ്യപരവുമായ ജീവിത ശൈലി തിരഞ്ഞെടുക്കുന്നതിന ഈ ഹെൽത്ത് മോണിറ്ററിങ് സംവിധാനം സഹായകമാകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. അലൂമിനിയം ബോഡിയും വലിയ ഡിസ്‌പ്ലേയുമാണ് ഗ്യാലക്സി ഫിറ്റ് 3 എത്തുന്നത്. വർക്കൗട്ട് ചെയ്യുമ്പോഴുള്ള വിവരങ്ങൾ തുടങ്ങി ഉറക്കത്തിനിടയിലുള്ള വിവരങ്ങൾ വരെ 24 മണിക്കൂറും ഫിറ്റ് 3 ട്രാക്ക് ചെയ്യും. അലൂമിനിയം ബോഡിയും 1.6 ഇഞ്ച് ഡിസ്പ്ലേയും പ്രത്യേകതകളിലൊന്നാണ്. ഭാരം വളരെ കുറവാണ്. ആകർഷകമായ ഡിസൈനാണ്. ശരീരത്തിനോട് ഇണങ്ങുന്ന രീതിയിലുള്ള ഡിസൈനായതിനാൽ ദിവസം മുഴുവൻ ഉപയോഗിക്കാനും ബുദ്ധിമുട്ടുണ്ടാകുകയില്ല. 13 ദിവസത്തോളം നീണ്ട് നിൽക്കുന്നതാണ് ബാററ്റി ബാക്കപ്പ്. ഒരോരുത്തർക്കും സ്വന്തം രീതിയിൽ ഗ്യാലക്സി ഫിറ്റ് 3 പേഴ്സണലൈസ് ചെയ്യാനാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഐസിഐസിഐ പ്രു ഗോൾഡ് പെൻഷൻ സേവിങ്സ് അവതരിപ്പിച്ചു

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഐസിഐസിഐ പ്രു ഗോൾഡ് പെൻഷൻ സേവിങ്സ് പദ്ധതി അവതരിപ്പിച്ചു. കാലാവധി എത്തുമ്പോൾ 60 ശതമാനം വരെ നികുതിരഹിതമായി പിൻവലിക്കുന്നത് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളാണ് ഇതിലൂടെ ലഭിക്കുകയെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു.

മൂലധനത്തിന് സുരക്ഷയും ലിക്വിഡിറ്റി ആവശ്യങ്ങൾക്കായി ഭാഗിക പിൻവലിക്കലും നൽകുന്ന ഇന്ത്യയിലെ ആദ്യ പെൻഷൻ പദ്ധതിയാണിത്. ഉപഭോക്താക്കൾക്ക് കോംപ്ലിമെന്ററി ആരോഗ്യ പരിശോധനകളും പ്രയോജനപ്പെടുത്താം. റിട്ടയർമെന്റ് ആവശ്യത്തിനായി പടിപടിയായി സമ്പാദിക്കുകയും സാമ്പത്തിക സ്വാതന്ത്ര്യത്തോടെയുള്ള റിട്ടയർമെന്റ് ജീവിതം ഉറപ്പാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

ലിക്വിഡിറ്റി ആവശ്യങ്ങൾക്കായി മൂന്നു വർഷത്തിനു ശേഷം 25 ശതമാനം വരെ പിൻവലിക്കാനും സാധിക്കും. അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന കുടുംബ ഘടനകളുടെ പശ്ചാത്തലത്തിൽ റിട്ടയർമെന്റ് പ്ലാനിങിന് ഏറെ പ്രാധാന്യമാണുള്ളതെന്നും അമിത് പാൽട്ട പറഞ്ഞു.



# സംസ്ഥാനത്ത് 35 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി യാഥാർത്ഥ്യമായി

## ആകെ 663 കുടുംബാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യം

**തിരുവനന്തപുരം:** നവകേരളം കർമ്മ പദ്ധതി ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് 35 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി പ്രവർത്തനസജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കഴിഞ്ഞ ഏപ്രിൽ മാസം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത 50 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ശേഷമുള്ളവയാണിവ. സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും അധികമായി ജീവനക്കാരെ നിയമിച്ചും ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്. ഇതോടെ ആകെ 663 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയത്.

സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ 5415 ജനകീയാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു. ഇതുകൂടാതെ നഗര പ്രദേശങ്ങളിലും 380 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കുന്നു. ഇവയെല്ലാം യാഥാർത്ഥ്യമാകുന്നതോടെ വീട്ടിന് തൊട്ടടുത്ത് തന്നെ പ്രാഥമിക ആരോഗ്യ പരിചരണവും രോഗപ്രതിരോധവും ഉറപ്പാക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, തൊടിയൂർ, പത്തനംതിട്ട ജില്ലയിലെ കുളനട, ആങ്ങമൂഴി, ആലപ്പുഴ ജില്ലയിലെ മുളക്കുഴ, ആറാട്ടുപുഴ, ബുധനൂർ, കോട്ടയം ജില്ലയിലെ കടനാട്, തൃശൂർ കുത്താമ്പുള്ളി, കൂർക്കഞ്ചേരി, മുണ്ടത്തിക്കോട്, പൊറത്തിശ്ശേരി, പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര, കൊടുമ്പ്, പൊൽപ്പുള്ളി, പുതുനഗരം, നാഗലശ്ശേരി, തിരുവേഗപ്പുര, ലക്കിടി, പിരായിരി, മലപ്പുറം ജില്ലയിലെ തൃക്കണാപുരം, തൃപ്പനച്ചി, വെട്ടത്തൂർ, കീഴാറ്റൂർ, കുറുമ്പലങ്ങോട്, എടപ്പറ്റ, അമരമ്പലം, കോഴിക്കോട് ജില്ലയിലെ തൂണേരി, വയനാട് ജില്ലയിലെ കുറുക്കൻമൂല, പാക്കം, മുള്ളൻകൊല്ലി, കാപ്പ്കുന്ന്, ചുള്ളിയോട്, വരദൂർ, കാസർഗോഡ് ജില്ലയിലെ പുത്തിഗെ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തന സജ്ജമാക്കിയത്. ഇതിൽ കുളനട, ആങ്ങമൂഴി, തൂണേരി തുടങ്ങിയ കേന്ദ്രങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞു.

രാവിലെ 9 മണിമുതൽ 6 മണി വരെയുള്ള ഒപി സേവനങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രത്യേകത. ആശുപത്രികളെ ജനസൗഹൃദമാക്കുന്നതിനായി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി റാമ്പ്, രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ ബോധവത്ക്കരണത്തിനായി ടെലിവിഷൻ, എയർപോർട്ട് ചെയർ, ദിശാബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗീ സൗഹൃദ ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നു. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിക്കുന്നത്.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതോടെ വലിയ മാറ്റങ്ങളാണ് ഉണ്ടാകുന്നത്. 115 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്.

ഇന്ത്യയിൽ ഏറ്റവും മികച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ കേരളത്തിൽ നിന്നുള്ളതാണ് എന്ന പ്രത്യേകതയുമുണ്ട്.

# ബാങ്ക് ഓഫ് ബറോഡ നടപ്പ് സാമ്പത്തിക വർഷത്തേക്ക് കാർ ലോൺ പലിശ നിരക്ക് 8.75% ആയി കുറച്ചു

**മുംബൈ:** ബാങ്ക് ഓഫ് ബറോഡ കാർ ലോൺ പലിശ നിരക്ക് 9.40% ൽ നിന്നും 8.75% ആയി കുറച്ചു. 2024 ഫെബ്രുവരി 26 മുതൽ 2024 മാർച്ച് 31 വരെ കാർ ലോണുകളുടെ ഫ്ലോട്ടിംഗ് പലിശ നിരക്കിന്റെ പ്രത്യേക പരിമിത കാലയളവിലെ ഓഫറാണിത്.

പുതിയ നിരക്കായ പ്രതിവർഷം 8.75% ഒരു പുതിയ കാർ വാങ്ങുമ്പോൾ ബാധകമാണ് കൂടാതെ കടം വാങ്ങുന്നയാളുടെ ക്രെഡിറ്റ് പ്രൊഫൈലുമായി ബന്ധിപ്പിച്ചിരിക്കുന്നു. ബാങ്ക് വായ്പയെടുക്കുന്നവർക്ക് ഫ്ലോട്ടിംഗ് നിരക്കിൽ സീറോ പ്രീപേയ്മെന്റ് ചാർജുകളും ഫിക്സഡ്, ഫ്ലോട്ടിംഗ് പലിശ നിരക്കിൽ പ്രോസസ്സിംഗ് ചാർജുകളിൽ ഇളവും വാഗ്ദാനം ചെയ്യുന്നു.

ബാങ്ക് ഓഫ് ബറോഡ കാർ ലോണുകളുടെ പലിശ ഡെയ്‌ലി റെഡ്യൂസിംഗ് ബാലൻസ് രീതിയിൽ കണക്കാക്കുന്നു, ഇത് കടം വാങ്ങുന്നവർക്ക് കൂടുതൽ താങ്ങാനാവുന്നതാക്കുന്നു. തിരിച്ചടവ് കാലയളവ് 84 മാസം വരെ ലഭ്യമാണെന്നതിനാൽ ഇഎംഐ തുകയും കുറയുന്നു.

ബാങ്ക് ഓഫ് ബറോഡ കാർ ലോണിന് ഡിജിറ്റലായി ബാങ്കിന്റെ ഡിജിറ്റൽ ലെൻഡിംഗ് പ്ലാറ്റ്ഫോം ബറോഡ ഡിജിറ്റൽ കാർ ലോൺ വഴി ബാങ്കിന്റെ വെബ്സൈറ്റിലോ അടുത്തുള്ള ബ്രാഞ്ച് സന്ദർശിച്ചോ അപേക്ഷിക്കാം.




# ഡൽഹി തൂഫാൻസിന് രണ്ടാം ജയം

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 യുടെ മൂന്നാം സീസണിൽ ഹൈദരാബാദ് ബ്ലാക്ക് ഹോക്സിനെതിരെ ഡൽഹി തൂഫാൻസിന് ജയം. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 1511, 1315, 159, 1511 സ്കോറിനാണ് ഡൽഹിയുടെ വിജയം. സന്തോഷ് കളിയിലെ താരമായി തിരഞ്ഞെടുക്കപ്പെട്ടു. നാല് മത്സരങ്ങളിൽ ഡൽഹിയുടെ രണ്ടാം വിജയമാണിത്.

ഇന്ന് ഒരു മത്സരം മാത്രം. വൈകിട്ട് 6.30ന് കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് കൊൽക്കത്ത തണ്ടർ ബോൾട്ട്സിനെ നേരിടും. കളിച്ച നാല് മത്സരങ്ങളും തോറ്റ ഒരു ടീമുകൾക്കും സൂപ്പർ 5 സാധ്യത നില നിർത്താൻ ഇനിയുള്ള മത്സരങ്ങളിൽ വിജയം അനിവാര്യമാണ്

# അപകടമുണ്ടാകുമ്പോൾ ദുരന്ത ലഘൂകരണത്തിന് ബന്ധപ്പെട്ട വകുപ്പുകൾ സജ്ജമാകണം: കളക്ടർ

**കൊച്ചി:** ജില്ലയിൽ അപകട സാഹചര്യമുണ്ടാകുമ്പോൾ ദുരന്ത ലഘൂകരണം സാധ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ സജ്ജമാകണമെന്ന് കളക്ടർ എൻ.എസ്.കെ. ഉമേഷ് പറഞ്ഞു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കെമിക്കൽ എമർജൻസി മോക്ക് ഡ്രില്ലിനോടനുബന്ധിച്ച് ചേർന്ന ടേബിൾ ടോപ്പ് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മോക്ഡ്രില്ലിനോടനുബന്ധിച്ച് പോലീസ്, ഫയർഫോഴ്സ്, ആരോഗ്യ പ്രവർത്തകർ തുടങ്ങിയ ഓരോ വകുപ്പുകളുടെയും പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും യോഗത്തിൽ ചർച്ച ചെയ്തു. ശേഷം ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ വി ഇ അബ്ബാസിന്റെ നേതൃത്വത്തിൽ മോക്ക് ഡ്രിൽ നടത്തുന്ന സ്ഥലം സന്ദർശിച്ചു. ഫെബ്രുവരി 28 ബുധനാഴ്ച ഉച്ചയ്ക്ക് രണ്ടിന് കൊച്ചി റിഫൈനറി പരിസരത്താണ് മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി അന്നേ ദിവസം എമർജൻസി സൈറൺ മുഴക്കുമെന്നും ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

വ്യവസായ സ്ഥാപനങ്ങളിലെ രാസവസ്തുക്കളിൽ നിന്നുള്ള അപകട സാധ്യത കണക്കിലെടുത്ത് ദുരന്ത ലഘൂകരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നത്.

എണ്ണ, പെട്രോളിയം സ്റ്റോറേജ് ഇൻസ്റ്റലേഷനുകൾ, എൽപിജി ബോട്ടിലിംഗ് പ്ലാന്റുകൾ, റിഫൈനറികൾ, പെട്രോകെമിക്കൽ യൂണിറ്റുകൾ, എൽ എൻ ജി ഇൻസ്റ്റലേഷനുകൾ, വളം തുടങ്ങി 20 മേജർ ആക്സിഡന്റ് ഹസാഡ് യൂണിറ്റുകളാണ് ജില്ലയിലുള്ളത്. ഈ വ്യവസായ ശാലകളിൽ നിന്നും വലിയ തോതിൽ അപകടകരമായ രാസവസ്തുക്കൾ പുറന്തള്ളപ്പെടുന്നതിന് സാധ്യത ഏറെയാണ്. ഈ സാഹചര്യത്തിൽ ജീവനക്കാരുടെയും സമൂഹത്തിന്റെയും ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുന്നതിനാണ് വ്യവസായശാലകൾ കേന്ദ്രീകരിച്ച് മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നത്.

തൃപ്പൂണിത്തുറ ഹിൽപാലസ് ഹോട്ടലിൽ സംഘടിപ്പിച്ച ടേബിൾ ടോപ്പ് യോഗത്തിൽ ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ വി ഇ അബ്ബാസ്, ഫാക്റ്ററീസ് ആന്റ് ബോയ്‌ലേഴ്സ് ജോയിന്റ് ഡയറക്ടർ നിതീഷ് കുമാർ, ഹസാഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ, തുടങ്ങിയവർ പങ്കെടുത്തു.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മത്സ്യഫെഡ് എറണാകുളം നെറ്റ് ഫാക്ടറിയുടെ കേടായ മേൽക്കൂര പാത്തികൾ മാറ്റി പുതിയവ വെച്ച് ചോർച്ച പരിഹരിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് പ്രവൃത്തിപരിചയമുള്ളവരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു.അവസാന തീയതി :ഇന്ന് വൈകുന്നേരം 3 വരെ. വിശദവിവരങ്ങൾ ഓഫീസിൽ നിന്നും ലഭ്യമാണ്.ഫോൺ : 04842394410, 0484 2391426

# എറണാകുളം ജില്ല വ്യവസായ കേന്ദ്രത്തെ തേടിയെത്തിയത് അർഹതയ്ക്കുള്ള അംഗീകാരം

**കൊച്ചി:**പുതുതായി 14,128 സംരംഭങ്ങൾ, 33,765 തൊഴിലവസരങ്ങൾ, 1,172.46 കോടി രൂപയുടെ നിക്ഷേപം ജില്ലയിലെ വ്യവസായ രംഗം അടിമുടി പുതുക്കുന്നതിൽ ജില്ല വ്യവസായ കേന്ദ്രം നടത്തിയ കിടയറ്റ പ്രയത്നവും കൈവരിച്ച നേട്ടവും ഈ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. 2023ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച ജില്ല വ്യവസായ കേന്ദ്രമെന്ന പുരസ്കാരം എല്ലാതരത്തിലും എറണാകുളത്തിന് അർഹതപ്പെട്ടതുതന്നെയെന്നതും ഇതിലൂടെ സ്പഷ്ടം.

ജില്ലയിൽ ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തനം തികച്ചും കാര്യക്ഷമമായാണ് വ്യവസായ കേന്ദ്രം നടപ്പാക്കുന്നത്. എല്ലാ മാസവും ജില്ല കളക്റ്ററുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സിംഗിൾ വിൻഡോ ബോർഡ് യോഗങ്ങൾ മുഖേന സംരംഭം ആരംഭിക്കുന്നതിനു അനുമതികളും ലൈസൻസുമെല്ലാം വളരെ സുഗമമായും വേഗത്തിലും നേടിയെടുക്കാൻ കഴിയുന്നു. സംരംഭകർക്ക് ആവശ്യമായ കൈത്താങ്ങ് സഹായങ്ങൾ, ഗ്രാമ പഞ്ചായത്ത് തല സംരംഭക വികസന എക്സിക്യൂട്ടീവ് മുതൽ വ്യവസായകേന്ദ്രം ഓഫീസർമാർവരെയുള്ളവരുടെ സംയോജിത സേവനത്തിലൂടെ എളുപ്പത്തിൽ കൈവരിക്കാനുകുന്നുണ്ട്.

സംരംഭക പിന്തുണ പദ്ധതി (ഇഎസ്എസ്)യിൽ 10.45 കോടി രൂപ ജില്ല വ്യവസായ കേന്ദ്രം കഴിഞ്ഞ വർഷം ലഭ്യമാക്കി. 126 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനമുണ്ടായി. പിഎംഇജി പ്രോഗ്രാമിൽ 5.05കോടി രൂപയാണ് ലഭ്യമാക്കിയത്. ഇതിന്റെ പ്രയോജനം ലഭിച്ചത് 60 പേർക്ക്. 21 ഉപഭോക്താക്കൾ മൊത്തം 1.73 കോടി രൂപയുടെ സബ്സിഡിക്ക് അർഹരായി.

ജില്ല പഞ്ചായത്ത് പദ്ധതിയിൽ പത്ത് അപേക്ഷകർക്കായി 20.47ലക്ഷം രൂപ ലഭ്യമാക്കി. ഇതിൽ നിർവ്വഹണ നിരക്ക് 100ശതമാനമാണ്. എംഎസ്എംഇ കൾക്കു വേണ്ടിയുള്ള വ്യവസായ ഭദ്രത പദ്ധതിയിൽ അനുവദിച്ചത് 44.96 ലക്ഷം രൂപയാണ്. 198 പേർ ഇതിന്റെ ഗുണഭോക്താക്കളായി. നിലച്ച എംഎസ്എംഇ കളുടെയും കാഷ്യൂ പ്രോസസ്സിംഗ് യൂണിറ്റുകളുടെയും പുനരുജ്ജീവന, പുനരധിവാസ പദ്ധതിയിൽ രണ്ടു ഗുണഭോക്താക്കൾക്കായി 80,000 രൂപ ലഭ്യമാക്കി.

ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് (ഐഐഡി) പദ്ധതിയിൽ 1752 നിക്ഷേപകരെ കണ്ടെത്താൻ ജില്ല വ്യവസായ കേന്ദ്രത്തിനു കഴിഞ്ഞു. 481 യൂണിറ്റുകൾക്ക് തുടക്കമിട്ടു. മൊത്തം 767.98കോടി രൂപയുടെ നിക്ഷേപം ഇതിനകം ഐഐഡിയിൽ ഇതിനകമുണ്ടായി. 2022 23ൽ അഞ്ചു സംരംഭകത്വ വികസന (ഇഡി) ക്ളബ്ബുകൾ കൂടി ആരംഭിച്ചു. ഇതോടെ ജില്ലയിലെ മൊത്തം ഇഡി ക്ളബ്ബുകളുടെ എണ്ണം 84 ആയി.

സംസ്ഥാനത്തിന്റെ സാമ്പത്തിക ഹൃദയമെന്ന് വിളിക്കപ്പെടുന്ന എറണാകുളം ജില്ലയിൽ വ്യാവസായിക വികസനത്തിലും നിക്ഷേപ പ്രോത്സാഹനത്തിലും ശ്രദ്ധേയമായ പുരോഗതിക്കാണ് പോയവർഷം സാക്ഷ്യം വഹിച്ചത്.

ജില്ല വ്യവസായ കേന്ദ്രത്തിന്റെ തന്ത്രപരമായ ആസൂത്രണം, ക്രിയാത്മക നയങ്ങൾ, സംരംഭങ്ങൾക്ക് അഭിവൃദ്ധി പ്രാപിക്കാൻ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിലെ പ്രതിബദ്ധത എന്നിവയെല്ലാം അതിനു കരുത്തായി. കൂട്ടായ അനുസ്യൂത പ്രയത്നവും അർപ്പണബോധവും ദീർഘവീക്ഷ്ണവും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ക്കാൻ ജില്ല വ്യവസായ കേന്ദ്രത്തിനു തുണയായി.




# മൂന്നുവർഷം കൊണ്ട് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 30,000 കോടി രൂപയുടെ വർധന മന്ത്രി കെ.എൻ ബാലഗോപാൽ

**ആലപ്പുഴ:** 2021ൽ കേരളത്തിന്റെ തനത് നികുതി വരുമാനം 47,000 കോടി രൂപയായിരുന്നു. എന്നാലത് ഈ വർഷം 78,000 കോടി രൂപയായി ഉയർന്നു. മൂന്നുവർഷം ആകുന്നതിനു മുമ്പ് തനത് നികുതി വരുമാനത്തിൽ 30,000 കോടി രൂപയുടെ വർധനവുണ്ടാക്കിയ സംസ്ഥാനമായി കേരളം മാറിയെന്ന് ധനകാര്യവകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. മുതുകുളം സബ് ട്രഷറി പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2.93 കോടി രൂപയുടെ ഭരണാനുമതിയോടെയാണ് മുതുകുളം സബ് ട്രഷറി നിർമ്മാണം പൂർത്തിയാക്കിയത്.

ട്രഷറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സമൂഹത്തിന്റെ സാമ്പത്തികാരോഗ്യം ലക്ഷ്യം വെച്ചാണ്. രണ്ടു വർഷത്തിനിടെ സംസ്ഥാനത്ത് 27 ട്രഷറികൾ ഉദ്ഘാടനം ചെയ്തു. ശരാശരി രണ്ടു കോടി രൂപയാണ് ഒരു ട്രഷറിയുടെ നിർമ്മാണത്തിനായി സർക്കാരിന് ചെലവാകുന്നത്. 33 ട്രഷറികൾ നവീകരിച്ചു. 29 ട്രഷറികൾക്കായി സ്ഥലമെറ്റെടുത്തുവെന്നും മന്ത്രി പറഞ്ഞു.

മാരൂർ മൂന്നില എൻ.എസ്.എസ്. കരയോഗ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ രമേശ് ചെന്നിത്തല എം.എൽ.എ. അധ്യക്ഷത വഹിച്ചു. മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡി. അംബുജാക്ഷി ടീച്ചർ, മുതുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.വി. ജ്യോതിപ്രഭ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എൻ. സജീവൻ, എസ്. പവനനാഥൻ, എൽ. ഉഷ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ബിന്ദു സുഭാഷ്, മുതുകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി. ലാൽമാളവ്യ, ഗ്രാമപഞ്ചായത്ത് അംഗം എസ്. ഷീജ, ട്രഷറി വകുപ്പ് ഡയറക്ടർ വി. സാജൻ, ദക്ഷിണ മേഖല ട്രഷറി ഡെപ്യൂട്ടി ഡയറക്ടർ കെ. പി. ബിജുമോൻ, ചെങ്ങന്നൂർ ജില്ലാ ട്രഷറി ഓഫീസർ എം.എൽ ബിന്ദു, മറ്റു രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ടൊയോട്ട ഇന്നോവ ഹൈക്രോസിന്റെ വിൽപ്പന 50,000 കടന്നു

**കൊച്ചി:** ടൊയോട്ട കിർലോസ്ക്കർ മോട്ടോറിന്റെ (ടി.കെ.എം.) പോപ്പുലർ വാഹനങ്ങളിലൊന്നായ ഇന്നോവ ഹൈക്രോസിന്റെ മൊത്തം വിൽപ്പന ഇന്ത്യയിൽ 50,000 യൂണിറ്റ് കടന്നു. 2022 നവംബറിൽ വണ്ടി അവതരിപ്പിച്ചതിന് ശേഷമുള്ള കണക്കുകളാണിത്. ടൊയോട്ട ഗ്ലോബൽ ആർക്കിടെക്ചർ അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്തതാണ് ഇന്നോവ ഹൈക്രോസ്. പുത്തൻ സാങ്കേതികതയും സുരക്ഷയും സൗകര്യവും ഒരുമിക്കുന്ന രൂപകൽപ്പനയുമെല്ലാം ഇന്നോവ ഹൈക്രോസിന്റെ ഗ്ലാമർ കൂട്ടുന്ന ഘടകങ്ങളാണ്. ത്രസിപ്പിക്കുന്ന ഡ്രൈവിങ് അനുഭവവും ഇത് പ്രദാനം ചെയ്യുന്നു.

പ്രത്യേകതകൾ ഏറെ അവകാശപ്പെടാവുന്ന മോഡലാണിത്. പാഡിൽ ഷിഫ്റ്റ്, പവേഡ് ഒട്ടോമൻ സെക്കൻഡ് റോ സീറ്റ്സ്, ഫ്രണ്ട് വെന്റിലേറ്റഡ് സീറ്റസ്, എയർ കണ്ടീഷണർ (ഡ്യുവൽ സോൺഫ്രണ്ട് ആൻഡ് റിയർ സോൺ), റിയർ റിട്രാക്ടബിൾ സൺഷെയ്ഡ്, ഇലക്ട്രോക്രോമിക് ഇന്നർ റിയർവ്യൂ മിറർ (ഇ.സി.ഐ.ആർ.വി.എം.), പവർ ബാക്ക് ഡോർ, ഡ്യുവർ ഫങ്ഷൻ ഡേ ടൈം റണ്ണിങ് ലൈറ്റ് (ഡി.ആർ.എൽ.) തുടങ്ങിയവയെല്ലാം ഈ ശ്രേണിയിൽ ആദ്യമെന്ന് അവകാശപ്പെടാവുന്ന തരത്തിലുള്ള പ്രത്യേകതകളാണ്.അഞ്ചാം തലമുറയിൽപ്പെടുന്ന സെൽഫ് ചാർജിങ് സ്ട്രോങ് ഹൈബ്രിഡ് ഇലക്ട്രിക് സിസ്റ്റമാണ് ഇന്നോവ ഹൈക്രോസിന് ശക്തിപകരുന്നത്. 2.0 ലിറ്റർ നാലു സിലിണ്ടർ ഗ്യാസോലൈൻ എഞ്ചിനാണ്. ഇന്ധനക്ഷമത ഉറപ്പുവരുത്തുന്നതിനൊപ്പം 137 കിലോവാട്ട് (186 പി.എസ്.) മാക്സിമം പവർ ഔട്ട്പുട്ട് ലഭിക്കുന്നു. സെൽഫ് ചാർജിങ് സ്ട്രോങ് ഹൈബ്രിഡ് ഇലക്ട്രിക് വെഹിക്കിൾ (എസ്.എച്ച്.ഇ.വി) എന്ന നിലയിൽ ഇന്നോവ ഹൈക്രോസ് ദൂരത്തിന്റെ 40 ശതമാനവും ആകെ സമയത്തിന്റെ 60 ശതമാനവും ഇലക്ട്രിക് (ഇ.വി.) അഥവാ സീറോ എമിഷൻ മോഡിൽ ഓടാനാകും.വിപണിയിൽ അവതരിപ്പിച്ച് 14 മാസത്തിനകം 50,000 യൂണിറ്റുകളുടെ വിൽപ്പന എന്ന വലിയ നേട്ടം കൈവരിക്കാനായതിൽ അഭിമാനമുണ്ടെന്ന് ടൊയോട്ട കിർലോസ്ക്കർ മോട്ടോർ സെയിൽസ് ആൻഡ് മാർക്കറ്റിങ് വൈസ് പ്രസിഡന്റ് ശബരി മനോഹർ പറഞ്ഞു.

വാഹന ഉപഭോക്താക്കൾ ഇന്നോവ ഹൈക്രോസിൽ അർപ്പിച്ച വിശ്വാസം സന്തോഷം പകരുന്നതാണ്. വിപണിയിൽ അവതരിപ്പിച്ച ആദ്യസമയം മുതൽ തന്നെ ഇന്നോവ ഹൈക്രോസ് പൂർണ വിജയമായിരുന്നുവെന്ന് പറയാം. ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണമാണ് ആദ്യദിനം മുതൽ ലഭിച്ചത്. മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ സെഗ്മെന്റിൽ പെർഫോമൻസ്, സുരക്ഷ, സൗകര്യം തുടങ്ങിയവയിലെല്ലാം വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഇന്നോവ ഹൈക്രോസിന് കഴിഞ്ഞു. ഇന്നോവ ബ്രാൻഡിന്റെ അതുല്യമായ പാരമ്പര്യം ഒരു തരി പോലും ഇടിവ് പറ്റാതെ മുന്നോട്ടു കൊണ്ടുപോകാനും ഇന്നോവ ഹൈക്രോസിന് കഴിഞ്ഞിട്ടുണ്ട്. മികച്ച പെർഫോമൻസിലൂടെ ഇന്നോവ ഹൈക്രോസ് ജനമനസ്സുകൾ കീഴടക്കുന്നത് തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2024 ൽ നിന്നുകൊണ്ട് ഭാവിയിലേക്ക് ഉറ്റുനോക്കുമ്പോൾ ലോകോത്തര നിലവാരത്തിലുള്ള ഉത്പ്പന്നങ്ങളും സേവനങ്ങളുമായി ഉപഭോക്താക്കൾക്ക് ഒപ്പമുള്ള യാത്ര തുടരും. എല്ലാവർക്കും സന്തോഷമെന്ന വലിയ ലക്ഷ്യമാണ് ഈ യാത്രയെ മുന്നോട്ടുനയിക്കുന്നത്. അദ്ദേഹം കൂട്ടിച്ചേർത്തു.




# ആമസോൺ ബിസിനസ് വാല്യു ഡേയ്സ് ഒന്നു വരെ




**കൊച്ചി:** ആമസോൺ ബിസിനസ് വാല്യൂ ഡേയ്സ് ഈ മാസം 26ന് ആരംഭിച്ച് അടുത്ത മാസം ഒന്നുവരെ തുടരും.

19 കോടിയിലേറെ ഉല്പന്നങ്ങൾ അവതരിപ്പിച്ച് ബിസിനസ് ഇടപാടുകാരുടെ സംഭരണം ലളിതവത്കരിക്കുകയാണ് ബിസിനസ് വാല്യു ഡേയ്സ് ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഈ പ്ലാറ്റ്ഫോമിലെ 10 ലക്ഷത്തിലധികം വില്പനക്കാർക്ക് എല്ലാ ബിസിനസുകൾക്കും യോജിച്ച ഉല്പന്നങ്ങൾ മൊത്തമായി വില്ക്കുന്നതിനുള്ള അവസരവും ഇത് ഒരുക്കുന്നു.കംപ്യൂട്ടർ, ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾക്ക് 40 മുതൽ 75%, അടുക്കള ഉൽപന്നങ്ങൾക്ക് 40 മുതൽ 70%, ഓഫീസ് ഹോം ഇംപ്രൂവ്മെന്റ് ഉപകരണങ്ങൾക്കും ഉൽപന്നങ്ങൾക്കും 50 മുതൽ 70% എന്നിങ്ങനെ നിരക്കിൽ ഇളവുകൾ ലഭിക്കും. ഉപഭോക്താക്കൾക്ക് വിവിധ വിഭാഗങ്ങളിലെ പ്രിപെയ്ഡ് ഓഫറുകളിൽ 5000 രൂപ വരെ അഡീഷണൽ ക്യാഷ്ബാക്ക് പ്രയോജനപ്പെടുത്താനും അവസരമുണ്ടാകും. അർഹരായവർക്ക് ഇൻസ്റ്റന്റ് 30ദിന പലിശ രഹിത വായ്പ പ്രയോജനപ്പെടുത്താനുമാകും. ആമസോൺ ബിസിനസ് അക്കൗണ്ട് ഉണ്ടാക്കുന്നതിന് https://business.amazon.in സന്ദർശിച്ചു ബിസിനസ് വാല്യു ഡേയ്സ് കാലയളവിൽ ആനുകൂല്യങ്ങൾ നേടാനാകും.

